(സി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി എന്ത് തുക ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം പദ്ധതികൾക്കാണ് ഗവൺമെന്റ് അംഗീകാരം നൽകാതിരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇരിങ്ങൽ പ്രോജക്ട് ഒന്നാംഘട്ടം (25 ലക്ഷം രൂപ) ഇരിങ്ങൽ പ്രോജക്ട് രണ്ടാംഘട്ടം (75 ലക്ഷം രൂപ), തുഷാരഗിരിയുടെ വികസനം (20 ലക്ഷം), തുഷാരഗിരിയുടെ അധിക വികസനം പാർട്ട് 1 (14 ലക്ഷം രൂപ), തുഷാരഗിരിയുടെ അധിക വികസനം പാർട്ട് 2 (7 ലക്ഷം രൂപ), തുഷാരഗിരി-അരിപ്പാറ റോഡ് (35 ലക്ഷം രൂപ), തുഷാരഗിരിയിൽ നടവരമ്പും, വാട്ടർപോണ്ടും (9.5 ലക്ഷം രൂപ), തലക്കുളത്തൂരിൽ അക്വാറ്റിക് റിക്രിയേഷൻ സെന്റർ (20 ലക്ഷം രൂപ), പേ ആന്റ് യൂസ് ടോയ്ലെറ്റ് (5 ലക്ഷം രൂപ), ബീച്ച് റോഡ് നവീകരണം (3 കോടി രൂപ), മിഠായിതെരുവ് നവീകരണം (1 കോടി രൂപ), സിറ്റി സെന്റർ വികസനം (1 കോടി രൂപ), പയ്യാകുറ്റിമല വികസനം (20 ലക്ഷം രൂപ) എന്നീ പദ്ധതികളാണ് ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളത്.

(ബി) ഇരിങ്ങൽ പ്രോജക്ട് ഒന്നാംഘട്ടം, തുഷാരഗിരിയുടെ വികസനം, തുഷാരഗിരിയുടെ അധിക വികസനം, തലക്കുളത്തൂരിലെ അക്വാറ്റിക് റിക്രിയേഷൻ സെന്റർ, പേ ആന്റ് യൂസ് ടോയ്ലറ്റ്, ബീച്ച് റോഡ് നവീകരണം, മിഠായിത്തെരുവ് നവീകരണം.

(സി) ഇരിങ്ങൽ പ്രോജക്ട് ഒന്നാംഘട്ടം (25 ലക്ഷം രൂപ) തുഷാരഗിരിയുടെ വികസനം പാർട്ട് 1 (20 ലക്ഷം രൂപ), തുഷാരഗിരിയുടെ അധിക വികസനം (14 ലക്ഷം രൂപ), തലക്കുളത്തൂരിൽ അക്വാറ്റിക് റിക്രിയേഷൻ സെന്റർ (20 ലക്ഷം രൂപ), പേ ആന്റ് യൂസ് ടോയ്ലെറ്റ് (5 ലക്ഷം രൂപ), ബീച്ച് റോഡ് നവീകരണം (3 കോടി രൂപ), മിഠായിത്തെരുവ് നവീകരണം (1 കോടി രൂപ).

(ഡി) തുഷാരഗിരിയുടെ അധിക വികസനം പാർട്ട് 2, തുഷാരഗിരി-അരിപ്പാറ റോഡ്, തുഷാരഗിരിയിൽ നടവരമ്പും, വാട്ടർപോണ്ടും, സിറ്റി സെന്ററിന്റെ വികസനം, പയങ്കുറ്റിമല വികസനം.

ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഇൻവെസ്റ്റിഗേഷൻ, പ്ലാനിംഗ് ഓഫീസുകളുടെ പ്രവർത്തനം

24 [3611] ശ്രീ. കെ. പി. രാജേന്ദ്രൻ:
" മാങ്കോട് രാധാകൃഷ്ണൻ:
" എൻ. രാജൻ:
" പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഇൻവെസ്റ്റിഗേഷൻ, പ്ലാനിംഗ് ഓഫീസുകളുടെ പ്രവർത്തനങ്ങൾക്ക് ഉദ്ദേശിക്കുന്ന ഫലങ്ങൾ ഉണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗുണനിലവാര നിയന്ത്രണ ഡിവിഷനുകൾ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന ജലസ്രോതസ്സുകളിൽ നിന്ന് അന്യസംസ്ഥാനങ്ങളിലേക്ക് അനധികൃതമായി വെള്ളം കടത്തിക്കൊണ്ടു പോകുന്നത് റിപ്പോർട്ട് ചെയ്യുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ നിന്നുള്ള സാമ്പിളുകൾ പരിശോധിക്കുന്നതിനാവശ്യമായ നിലവിലുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) തൃശൂരിലുള്ള സർക്കിൾ ഓഫീസും തൃശൂർ, കൊട്ടാരക്കര, പാല എന്നിവിടങ്ങളിലുള്ള ഡിവിഷൻ ഓഫീസുകളും നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം നിയന്ത്രിക്കുന്നതിനായി കൊട്ടാരക്കരയിലും, തൃശൂരിലും രണ്ടു ഡിവിഷനുകൾ പ്രവർത്തിക്കുന്നു. കൊട്ടാരക്കര ഡിവിഷനു കീഴിൽ തിരുവനന്തപുരം, കൊട്ടാരക്കര, കോട്ടയം, ആലപ്പുഴ എന്നിവിടങ്ങളിലും തൃശൂർ ഡിവിഷനു കീഴിൽ മൂവാറ്റുപുഴ, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും സബ്ഡിവിഷനുകൾ പ്രവർത്തിക്കുന്നു. സബ്ഡിവിഷനുകൾക്ക് കീഴിൽ എല്ലാ ജില്ലകളിലും സെക്ഷൻ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ പോയി സാമ്പിളുകൾ ശേഖരിച്ച് സർക്കാർ ലബോറട്ടറികളിലും എൻജീനിയറിംഗ് കോളേജുകളിലും കൊണ്ടുപോയി പരിശോധിച്ചുവരുന്നു.

(സി) കേരളത്തിലെ ജലസമ്പത്ത് അന്യസംസ്ഥാനങ്ങളിലേക്ക് അനധികൃതമായി കടത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ ജലസേചന വകുപ്പിൽ തൃശൂർ ഇൻവെസ്റ്റിഗേഷൻ ആന്റ് പ്ലാനിംഗ് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് ബയ്സനുകളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഈ ഉദ്യോഗസ്ഥർ സമയാസമയങ്ങളിൽ ഇൻസ്പെക്ഷൻ നടത്തി നൽകുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിക്കാറുണ്ട്.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ നിന്നുള്ള സാമ്പിളുകൾ പരിശോധിക്കുന്നതിനാവശ്യമായ നിലവിലുള്ള സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. സാമ്പിളുകൾ ശേഖരിച്ച് സർക്കാർ ലബോറട്ടറികളിലും എഞ്ചിനീയറിംഗ് കോളേജുകളിലും കൊണ്ടുപോയി പരിശോധിച്ചുവരികയാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly